(8) പുനലൂർ റീഹാബിലിറ്റേഷൻ പ്ലാന്റേഷനിലെ തൊഴിലാളി കുടുംബങ്ങളുടെ ബുദ്ധിമുട്ടുകൾ

ശ്രീ. വി. സുരേന്ദ്രൻ പിള്ള: സർ, 1976-ൽ ശ്രീലങ്കയിൽ നിന്ന് കുടിയിറക്കപ്പെട്ട ഇൻഡ്യൻ വംശജരായ ആളുകളെ 1976-ൽ അന്നത്തെ ഇൻഡ്യയുടെ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിൽ അവിടെയുണ്ടായിരുന്ന 700 ഓളം കുടുംബങ്ങളെ എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കുളത്തൂപ്പുഴ പഞ്ചായത്തിൽ പുനരധിവസിക്കപ്പെട്ടു. അന്നു വരെ അവിടെ പുനരധിവസിക്കപ്പെടാനുള്ള നടപടികളും പൂർത്തിയാക്കിയതിനു ശേഷം ഒരു റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ സ്കീം എന്ന ഒരു പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കി. 700 ഓളം കുടുംബങ്ങളിലായി ഏതാണ്ട് 5000 അംഗങ്ങളാണ് പാർക്കുന്നു. അവിടെ പത്ത് അംഗങ്ങളുള്ള ഒരു കുടുംബത്തിന് 2 മുറികളുള്ള ഒരു ക്വാർട്ടേഴ്സ് ആണ് ഈ ഗവൺമെൻറ് പ്രൊവൈഡ് ചെയ്തിരിക്കുന്നത്. അവിടെ വെള്ളമില്ല. വാട്ടർ സപ്ലൈ സ്കീം ഇതുവരെ നടപ്പാക്കിയിട്ടില്ല. വൈദ്യുതി ഇതുവരെ എത്തിയിട്ടില്ല. കാരാഗൃഹത്തിൽ കഴിയുന്നതുപോലെ ആ കുടുംബങ്ങൾ ഇന്ന് കഷ്ടപ്പാട് അനുഭവിക്കുകയാണ്. ഗവൺമെൻറ് അവർക്ക് നല്ല തൊഴിൽ സൗകര്യങ്ങൾ ചെയ്യുന്നതിന് സ്കീമുകളും പരിപാടികളും നടപ്പാക്കി എന്ന് പറയുന്നതല്ലാതെ ആ ഫാക്ടറി ഇന്ന് വിപുലപ്പെടുത്താനോ പുതിയ തസ്തികകൾ ഉണ്ടാക്കി കൂടുതൽ ആളുകൾക്ക് തൊഴിൽ സൗകര്യങ്ങൾ ഉണ്ടാക്കി കൊടുക്കുന്നതിനോ ഉള്ള യാതൊരു നടപടികളും ഇതുവരെ ആരംഭിച്ചിട്ടില്ല. അവർക്ക് ഗതാഗത സൗകര്യം ഉണ്ടാകണം. വെളിച്ചവും വെള്ളവും ലഭിക്കണം. ഇന്നവിടെ കുടിവെള്ളം പോലും കിട്ടാത്ത ഒരു സാഹചര്യം ഉണ്ടായിരിക്കുകയാണ്. റീഹാബിലിറ്റേഷന്റെ ചാർജ്ജു വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി അടിയന്തിരമായ ശ്രദ്ധ പതിപ്പിച്ച് എത്രയും പെട്ടെന്ന് ഈ കാര്യത്തിനൊരു പരിഹാരമുണ്ടാക്കണം എന്ന് അഭ്യർത്ഥിക്കുകയാണ്.

സഹകരണവകുപ്പുമന്ത്രി (ശ്രീമതി എം. കമലം): സർ, പുനലൂരിലെ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ തൊഴിലാളികളുടെ വിഷമതകളെ സംബന്ധിച്ചും ഈ സ്ഥാപനത്തിന്റെ സ്ഥിതിഗതികളെ സംബന്ധിച്ചും ബഹുമാനപ്പെട്ട പുനലൂർ എം. എൽ. എ. കൂടിയായ ശ്രീ. വി. സുരേന്ദ്രൻ പിള്ള സബ്മിഷൻ അവതരിപ്പിച്ചിരിക്കുകയാണ്. 675 കുടുംബങ്ങളാണ് അവിടെ പുനരധിവസിപ്പിക്കപ്പെട്ടിരിക്കുന്നത്. 1320 ജീവനക്കാർ ഈ എസ്റ്റേറ്റിൽ ജോലി ചെയ്യുകയാണ്. 2070 ഹെക്ടർ സ്ഥലത്ത് റബ്ബർ പ്ലാന്റു ചെയ്ത ഏറ്റവും നന്നായി പ്ലാന്റേഷൻ നടക്കുന്ന ഒരു സ്ഥാപനം കൂടിയാണിത്. ഇവിടെയുള്ള പ്രധാന പ്രശ്നം ഇവരുടെ തൊഴിലവസരങ്ങളെക്കുറിച്ചാണ്. ഈ തൊഴിലവസരങ്ങൾ ഇൻഡ്യാ ഗവൺമെൻറിന്റെ മാനദണ്ഡം അനുസരിച്ച് അഞ്ച് അംഗങ്ങൾ ഉള്ള ഒരു കുടുംബത്തിൽ ഒരാൾക്കും 5-ൽ കൂടുതൽ അംഗങ്ങളുള്ള കുടുംബമാണെങ്കിൽ രണ്ടുപേർക്കുമാണ് ജോലി കൊടുക്കേണ്ടിയിരിക്കുന്നത്. നമ്മുടെ സംസ്ഥാന ഗവൺമെൻറ് അതിൽ നിന്നും കുറേക്കൂടി ഉദാരമായി, ഒരു മെമ്പർ ഉള്ള കുടുംബമാണെങ്കിൽ പോലും ആ മെമ്പർക്കു ജോലി കൊടുക്കാനാണ് വ്യവസ്ഥയുണ്ടാക്കിയിട്ടുള്ളത്. ഇത്തരത്തിൽ യാതൊരു പ്രകാരത്തിലുള്ള ബുദ്ധിമുട്ടും അവർക്കില്ല. ഒരാൾ ജോലിയിൽ നിന്നു വിരമിക്കുകയോ മരണപ്പെടുകയോ ചെയ്യുകയാണെങ്കിൽ അവർക്ക് പിന്തുടർച്ചയായി ജോലി കൊടുക്കണമെന്ന് കേന്ദ്രഗവൺമെൻറിന്റെ നിർദ്ദേശത്തിൽ ഇല്ല. എന്നാൽ ഇപ്പോൾ പിരിഞ്ഞുപോകുന്ന ഒരാൾ നാമനിർദ്ദേശം ചെയ്യുന്ന മറ്റൊരാൾക്ക് ജോലി കൊടുക്കുന്നതിന് അയാൾ

LIBRARY ARCHIVES Kerala Legislative Assembly

പിരിഞ്ഞുപോവുകയാണെങ്കിലും മരിച്ചുപോവുകയാണെങ്കിലും വ്യവസ്ഥയുണ്ട്. തൊഴിലിനെ സംബന്ധിച്ചു അവിടെ വലിയ പ്രശ്നങ്ങളൊന്നും ഇല്ല. എന്നാൽ റോഡു സൗകര്യം വേണം അതിനുള്ള ഏർപ്പാടുകളും ചെയ്തുകൊണ്ടിരിക്കുകയാണ്. രണ്ട് എസ്റ്റേറ്റാണിത്. അതിൽ അയിരനല്ലൂർ എസ്റ്റേറ്റിൽ ഇലക്ട്രിഫിക്കേഷൻ ഉണ്ടായിട്ടില്ല. പ്രൊപ്പർട്ടി സൗകര്യം എല്ലാവർക്കുമുണ്ട്. വീടുകളും സാമാന്യം നല്ല നിലയിൽ വച്ചുകൊടുത്തിട്ടുണ്ട്. ഇലക്ട്രിഫിക്കേഷന്റെ കാര്യത്തിൽ ഒരു എസ്റ്റേറ്റിൽ വൈദ്യുതി എത്തിക്കാൻ സാധിച്ചിട്ടില്ല. 11 കെ. വി. ലൈൻ വലിച്ചു ഇലക്ട്രിഫൈ ചെയ്യുന്നതിന് ബുദ്ധിമുട്ടുണ്ട്. ഇതിന് 11 ലക്ഷം രൂപ കോൺട്രിബ്യൂഷനായിട്ടു കൊടുക്കേണ്ടതുണ്ടായിരുന്നു. അത് ഇപ്പോൾ ഇലക്ട്രിസിറ്റി ബോർഡു കുറച്ചു തന്നിട്ടുണ്ട്. ഇതുമാത്രമല്ല ഇതിന്റെ പ്രോജക്ട് റിപ്പോർട്ടു കേന്ദ്രഗവണ്മെന്റും നബാർഡും അനുവദിച്ചു തരേണ്ടതായിട്ടുണ്ട്. രണ്ടു കൊല്ലമായിട്ടു അനുവദിച്ചു തന്നിട്ടില്ല. ഇപ്പോൾ ഇലക്ട്രിസിറ്റി ബോർഡ് ഈ ചാർജ് കുറച്ചു തന്നിട്ടുള്ളതുകൊണ്ടു ഒരു മാസത്തിനകം അയിരനല്ലൂർ എസ്റ്റേറ്റിൽ ഇലക്ട്രിഫൈ ചെയ്യുന്നതിനുള്ള നടപടികളും ഗവണ്മെന്റ് എടുത്തിട്ടുണ്ട്. ആശുപത്രി സൗകര്യത്തെപ്പറ്റി പറയുകയാണെങ്കിൽ ഇപ്പോഴും ഡോക്ടർ ഇല്ലാതെ വെളിയിൽനിന്ന് ചികിൽസിക്കുകയാണ്. ഒരു ലേഡി ഡോക്ടറെ നിയമിക്കാൻ സംവിധാനമുണ്ടാക്കിയിട്ടുണ്ട്. മറെറാരു ഡോക്ടറെക്കൂടി നിയമിക്കുന്നതിനുള്ള നടപടി എടുത്തുവരികയാണ്. രണ്ടു സഹകരണ സംഘങ്ങളും പലിശ കൂടാതെ വായ്പ അവർക്കുകൊടുത്തുകൊണ്ടു നിത്യോപയോഗ സാധനങ്ങളും ന്യായവിലയ്ക്കു കൊടുക്കുന്നതിനു സംവിധാനം ചെയ്തു കൊണ്ടിരിക്കുകയാണ്. മറെറാന്ന് ഒരു സ്കൂളിന്റെ കാര്യമാണ്. അടുത്ത കാലത്താണ് ഒരു സ്കൂളും അവിടെ വന്നിട്ടുള്ളത്. 5 തമിഴ് അദ്ധ്യാപകരെ പരിസര പ്രദേശത്തുള്ള സ്കൂളിൽ നിയമിച്ചിട്ടുണ്ട്. കൂടുതൽ വിദ്യാഭ്യാസ സൗകര്യങ്ങളും ഏർപ്പെടുത്തി വരികയാണ്. എല്ലാ നിലയിലും ലാഭകരമായി നടക്കുന്ന ഈ സ്ഥാപനത്തിലെ ജീവനക്കാർക്ക് സൗകര്യപ്രദമായ ജീവിതം കൊടുക്കുന്നതിന് ഗവൺമെന്റ് കാര്യമായി ശ്രദ്ധിക്കുന്നുണ്ട്.

(9) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

ശ്രീമതി ഭാർഗവി തങ്കപ്പൻ: സർ, നിത്യോപയോഗ സാധനങ്ങളുടെ വില വാണംപോലെ കുതിച്ചുകയറുകയാണ്. ഈ സർക്കാർ കാഴ്ചക്കാരെപ്പോലെ നിന്നു സഹായരായി നോക്കിനിൽക്കുകയാണ്. ഇന്ന് ചമ്പാവരിക്ക് കമ്പോളത്തിൽ അഞ്ചര രൂപ വില കൊടുക്കണം. വെളുത്ത പുഴുക്കലരിക്ക് നാലര രൂപ വരെ വില കൊടുക്കേണ്ടിവരും. ഈ വെള്ളപ്പൊക്കത്തിന്റെ കെടുതികളെല്ലാം കണക്കിലെടുക്കുമ്പോൾ അരിയുടേയും മറു അത്യാവശ്യ സാധനങ്ങളുടേയും വില വർദ്ധിക്കാനാണ് പോകുന്നത്. പച്ചക്കറികൾക്കും പലവ്യഞ്ജനങ്ങൾക്കും എല്ലാം 200 ഇരട്ടി വില ഇന്ന് പരസ്യകമ്പോളത്തിൽ കൊടുക്കേണ്ടിവരുന്നുണ്ട്. ഇതിന് പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുകയല്ലാതെ മറു മാർഗ്ഗങ്ങൾ ഒന്നും ഇല്ല. കൊല്ലം ജില്ലയിൽ ജില്ലാ കളക്ടർ വിലകുറച്ചുകൊടുക്കാനുള്ള ചില നടപടികൾ സ്വീകരിക്കാൻ തുടങ്ങിയപ്പോൾ അവിടത്തെ വ്യാപാരികൾ ആന്ധ്രയിൽപോയി അരി വാങ്ങി കൊല്ലം ജില്ലയിൽ വിൽക്കുന്നില്ല. അതാണ് അവിടത്തെ സാഹചര്യം. അതുപോലെതന്നെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പക്കൽ പച്ചരി മാത്രമേ ഉള്ളൂ. പുഴുക്കലരി ഇല്ലാ എന്ന് പത്രവാർത്തകൾ കണ്ടു. അതാണെങ്കിൽ ഈ പ്രശ്നം കൂടുതൽ രൂക്ഷമാക്കും. പഞ്ചസാരയ്ക്ക് 5.20 രൂപ ഉണ്ടായിരുന്നത് ഇപ്പോൾ എട്ടു എട്ടര രൂപയായിരിക്കുന്നു. ഇങ്ങനെ നിത്യോപയോഗ സാധനങ്ങളുടെ വില വാണംപോലെ കുതിച്ചുകയറി വരുമ്പോൾ കാഴ്ചക്കാരായി ഈ സർക്കാർ നോക്കി നിൽക്കുകയാണ്. പൊതുവിതരണ സമ്പ്രദായം

LIBRARY ARCHIVES Kerala Legislative Assembly